## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3534 11.12.2018-ൽ മറുപടിയ്ക്ക്.

## ക്ഷേമ വികസനപ്രവർത്തനങ്ങളിൽ വേഗതയും ഫലപ്രാപ്തിയും ഉറപ്പാക്കാൻ നടപടി

| | ചോദ്യം<br><br>ശ്രീ.അനിൽ അക്കര | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പ്രാദേശിക തലത്തിലുള്ള ക്ഷേമ വികസന പ്രവർത്തനങ്ങളിൽ വേഗതയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ)<br>&<br>(ബി) | പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രക്രിയ ലളിതവും കാര്യക്ഷമമാക്കുകയും പദ്ധതി രൂപീകരണം സമയബന്ധിതമാക്കുകയും ചെയ്തിട്ടുണ്ട്. പതിമൂന്നാം പദ്ധതിക്ക് മുമ്പ് ഉണ്ടായിരുന്ന 8 മാസം പദ്ധതി രൂപീകരണം, 4 മാസം പദ്ധതി നിർവഹണം എന്ന രീതിക്ക് മാറ്റമുണ്ടായി. ഒപ്പം വിപുലമായ ജനകീയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം കൂടുതൽ ജനോപകാരപ്രദവും വികസ നോന്മുഖമാക്കത്തക്ക രീതിയിൽ മാർഗ്ഗനിർദ്ദേ ശങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. സംയോജിത വികസന കാഴ്ചപ്പാട് രൂപീകരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ജില്ലാപദ്ധതികൾ തയ്യാറാക്കൽ, തദ്ദേശഭരണസ്ഥാപനതല ആസൂത്രണ സമിതികളുടെ രൂപീകരണം എന്നിവയ്ക്ക് പുറമെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടേയും പ്രോജക്ടുകളുടേയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന-ജില്ലാ തലത്തിൽ സന്നദ്ധ പ്രവർത്തനത്തിന് തയ്യാറുള്ള വിദഗ്ദ്ധരുടെ പാനലിന് രൂപം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനങ്ങൾ, പദ്ധതി |
| (ബി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | നിർവഹണം സംബന്ധിച്ച അവലോകന യോഗങ്ങൾ എന്നിവയും നടത്തി വരുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളും പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുകയും പദ്ധതി ആസൂത്രണനിർവ്വഹണ പ്രവർത്തനങ്ങൾ ഓൺലൈൻ ആകുകയും ചെയ്തിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും പദ്ധതി രൂപീകരണം അംഗീകാരം തുടങ്ങിയവ ഓൺലൈനായി ഐ.കെ.എം. വികസിപ്പിച്ചെടുത്ത സുലേഖ സോഫ്റ്റ് വെയർ വഴി ആണ് നടക്കുന്നത്. പരാതി രൂപീകരണ ഗ്രാമസഭകൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ ഗ്രാമ സഭ പോർട്ടൽ വെബ് പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് തങ്ങളുടെ നിർദ്ദേശങ്ങൾ ഇതിലൂടെ രേഖപ്പെടുത്താൻ കഴിയും. പദ്ധതി നിർവ്വഹണ നടപടി ക്രമങ്ങളിൽ പ്രധാനപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ഉൾപ്പെടെയുള്ളവ സുലേഖ സോഫ്റ്റ് വെയറിൽ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സാധാരണക്കാരന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കയറി ഇറങ്ങാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭിക്കുവാനും നികുതി അടക്കുന്നതിനും മറ്റുമുള്ള ഓൺലൈൻ സൗകര്യങ്ങൾ നിലവിലുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിനും സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനുമായി ഗ്രാമ പഞ്ചായത്തുകളിൽ ഇ ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമഗ്രമായ മാറ്റവും, പൗരസേവനം കാര്യക്ഷമതമുള്ളതാക്കുകയും ചെയ്യുന്നു. |
| (സി) | എന്തെല്ലാം സാങ്കേതിക വിദ്യകളുടെ സാദ്ധ്യതകളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നതെന്ന റിയിക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിനും സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനുമായി ഗ്രാമ പഞ്ചായത്തുകളിൽ ഇ ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമഗ്രമായ മാറ്റവും, പൗരസേവനം കാര്യക്ഷമത മുള്ളതാക്കുകയും ചെയ്യുന്നു. ബ്രോഡ് ബാൻറ്, NOFL (National Optical Fiber Network ), KSWAN |

| | | | |
|---|---|---|---|
| | | | (Kerala State Wide Area Net work), ഇവ ഉപയോഗിച്ച് കൊണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിലവിൽ VPN (Virtual Private Net work) സൗകര്യങ്ങൾ ലഭ്യമാണ്. സാധാരണക്കാരന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കയറി ഇറങ്ങാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭിക്കുവാനും നികുതി അടക്കുന്നതിനും മറ്റുമുള്ള ഓൺലൈൻ സൗകര്യങ്ങൾ നിലവിലുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ തരം പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ്, പദ്ധതി രൂപീകരണം, അംഗീകാരം, മേൽനോട്ടം, അക്കൗണ്ടിംഗ്, വരുമാനം, ക്രയവിക്രയങ്ങൾ, ഓഫീസ് പ്രവർത്തനം, ജനന-മരണ, വിവാഹ രജിസ്ട്രേഷൻ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ, പൊതു സേവനങ്ങൾ, യോഗനടപടി ക്രമങ്ങൾ തുടങ്ങിയവയാണ് ഇ ഗവേണൻസ് നടപ്പാക്കാനായി തിരഞ്ഞെടുത്തിട്ടുള്ളത്. ഐ.കെ.എം.മുഖേന നഗരസഭകളിൽ നടപ്പിലാക്കുന്ന വിവിധ ഓൺലൈൻ സോഫ്റ്റ് വെയറുകൾ മുഖേന വിവര സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗിക്കുന്നു. ജനന മരണ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, വസ്തു നികുതി, കെട്ടിട പെർമിറ്റ് തുടങ്ങിയവയ്ക്കായി നഗരസഭകളിൽ വിവിധ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ